**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3900** **17-03-2025 - ൽ മറുപടിയ്ക്ക്**

**മാരകരോഗം ബാധിച്ചവർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാരകമായ രോഗങ്ങൾ ബാധിച്ച ചികിത്സയിലുള്ള നിർധനരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ എന്തൊക്കെ പദ്ധതികളാണുള്ളത് എന്നറിയിക്കുമോ; വിശദമാക്കുമോ; | (എ) | മാരകമായ രോഗങ്ങൾ ബാധിച്ച നിർദ്ധനരായ രോഗികൾക്ക് നോൺ പ്ലാൻ ഫണ്ട് പ്രകാരം ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്. ക്ഷയം, കുഷ്ഠം, കാൻസർ എന്നീ മൂന്ന് രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. പ്രസ്തുത ഫണ്ടിന്റെ ധനസഹായത്തിനായി അപേക്ഷിക്കേണ്ടത് അതാത് ജില്ലാ മെഡിക്കൽ ഓഫീസുകളിലാണ്. ചികിത്സയുടെ രേഖകളും ചികിത്സിക്കുന്ന ഡോക്ടറോ, അതാത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടറോ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ഉൾപ്പെടെ ജില്ലാ മെഡിക്കൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ അധീനതയിലുള്ള കമ്മിറ്റി ഇത് പരിശോധിക്കുകയും സാമ്പത്തിക അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നു. അപേക്ഷ ഫോറത്തിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു.<br><br>കൂടാതെ പട്ടിക വർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി (**ട്രൈബൽ സ്കീം)** മുഖേന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ദിവസം 200/- രൂപ നിരക്കിൽ കൂട്ടിരിപ്പ് അലവൻസ് അനുവദിച്ച് നൽകുന്നു.<br><br>**ജനനി (JSY) സുരക്ഷ യോജന** പദ്ധതിയിലൂടെ സർക്കാർ ആശുപത്രിയിൽ പ്രസവം നടക്കുന്ന അമ്മമാർക്ക് സാമ്പത്തിക സഹായം നൽകുന്നു ഈ പദ്ധതി മുഖേന റൂറൽ ഏരിയയിലുള്ളവർക്ക് 700 രൂപയും അർബൻ ഏരിയയിലുള്ളവർക്ക് 600 രൂപയുമാണ് അമ്മയുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമെ വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ശ്രുതിതരംഗം, താലോലം, കാൻസർ സുരക്ഷ, RBSK, ആരോഗ്യ കിരണം, ഹൃദ്യം തുടങ്ങിയ പദ്ധതികൾ മുഖേന സൗജന്യ ചികിത്സയും നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിലേയ്ക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമാവലികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ; വിശദമാക്കുമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികൾക്കായി പ്രത്യേക അപേക്ഷാഫോറം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം



## ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം, കോഴിക്കോട്
## നിർദ്ധനരായ അർബുദ രോഗികൾക്കായുള്ള ധനസഹായത്തിനുള്ള അപേക്ഷ ഫോറം

| | | |
|---|---|---|
| 1 | രോഗിയുടെ പേര് (മലയാളത്തിലും ഇംഗ്ലീഷിലും) | |
| 2 | വയസ് | |
| 3 | സ്ത്രീ/പുരുഷൻ | |
| 4 | മേൽവിലാസം (ഫോൺ നമ്പർ സഹിതം) | |
| 5 | രക്ഷാകർത്താവിന്റെ പേര്<br>(മലയാളത്തിലും ഇംഗ്ലീഷിലും) | |
| 6 | കുടുംബത്തിന്റെ വാർഷിക വരുമാനം | |
| 7 | രോഗനിർണയം നടത്തിയ തിയ്യതി<br>ചികിത്സിക്കുന്ന സ്ഥാപനം | |
| 8 | ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി/സാമൂഹികാരോഗ്യ കേന്ദ്രം/പ്രാഥമികാരോഗ്യ കേന്ദ്രം -ന്റെ പേര് | |
| 9 | രോഗിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ | |
| 10 | ബാങ്കിന്റെ പേരും ബ്രാഞ്ചും | |
| 11 | ഐ.എഫ്.സി കോഡ് | |

രോഗി 14 വയസ്സിന് താഴെയുള്ള - ബാങ്ക് അക്കൗണ്ട് ഇല്ലാത്ത വ്യക്തിയാണെങ്കിൽ രക്ഷാ കർത്താവിന്റെ അക്കൗണ്ട് നമ്പർ മതിയാകും

സ്ഥലം

ഒപ്പ്

തിയ്യതി

(രോഗിയുടെ/രക്ഷാകർത്താവിന്റെ)

അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1) ചികിത്സാ സർട്ടിഫിക്കറ്റിന്റെയും മറ്റ് അനുബന്ധ ചികിത്സാ രേഖകളുടെയും പകർപ്പ്
2) റേഷൻ കാർഡിന്റെ പകർപ്പ്
3) തിരിച്ചറിയൽ കാർഡിന്റെ (അപേക്ഷകന്റെ ഫോട്ടോ പതിച്ചിട്ടുള്ളത്) പകർപ്പ്
4) ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്(അക്കൗണ്ട് നമ്പർ, ഐ.എഫ്.സി കോഡ് എന്നിവ ഉൾപ്പെടെ)

- Guidelines for utilization of Non-Plan Fund for providing financial assistance to cancer patients

1. The funds shall be given for cancer patients who are currently on treatment
2. Cancer patients availing treatment from any hospital are eligible for financial assistance.
3. A monthly assistance of Rs. 1000/- may be given to eligible patients. The total number of months may be calculated based on fund availability.
4. The selection of beneficiaries shall be based on economic criteria which is decided by the district committee.
5. The district committee shall comprise of the District Medical Officer, District Nodal Officer for NCD/Cancer Care, Administrative Assistant and Technical assistant Gr1.
6. The Treatment Certificate shall be provided by the concerned Medical Officer of the PHC area were the patient resides or the cancer specialist providing treatment.
7. The field worker/ASHA.Volunteers shall collect the list of beneficiaries from the community.

Shaila. M